"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതി നിർവ്വഹണം- ജോയിന്റ് ബി.ഡി.ഒ ആയിരുന്ന ശ്രീമതി. സുഹറത്ത് ബീവി സി.ഐ-യ്ക്ക് എതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കിയും മരണപ്പെട്ട ഗുണഭോക്താവായ തങ്കമണി ശിവരാമന്റെ മകൻ ശ്രീ.ജയൻ ശിവരാമനെതിരെയുള്ള റിക്കവറി ഒഴിവാക്കിയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.2939/2025/LSGD     തീയതി,തിരുവനന്തപുരം, 10-12-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.12.2017 ലെ E8(SC-44/17/Idukki)25925/2017 നമ്പർ മിന്നൽ പരിശോധന റിപ്പോർട്ട്.
2. 18.05.2020 തീയതിയിലെ സ.ഉ.(സാധാ)നം.897/2020 തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. 26.05.2020 തീയതിയിലെ സ.ഉ.(സാധാ)നം.976/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
4. ശ്രീമതി. സുഹറത്ത് ബീവിയ്ക്ക് 10.07.2020-ൽ നൽകിയ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീമതി. സുഹറത്ത് ബീവി 05.11.2020-ന് നൽകിയ മറുപടി.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.11.2023 ലെ LSGD/PD/16524/2023-VIGB4 നമ്പർ കത്ത്.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31-07-2025 ലെ LSGD/PD/16524/2023-VIGB4 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ 2013-14 നടപ്പിലാക്കിയ ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) ഭവന പദ്ധതിയുടെ ഭാഗമായി, എസ്.റ്റി വിഭാഗത്തിൽപ്പെട്ട ശ്രീമതി. തങ്കമണി ശിവരാമന് പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കാതെ ഫണ്ട് അനുവദിച്ച് നൽകി എന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ശ്രീമതി. തങ്കമണി ശിവരാമന് അനുവദിച്ച വീടിന്റെ പണി പൂർത്തിയാക്കാതെ വിവിധ ഗഡുക്കളായി തുക നൽകിയത് കാരണം സർക്കാരിന് 1,02,500/- രൂപ സാമ്പത്തിക നഷ്ടമുണ്ടായിട്ടുള്ളതായി വിജിലൻസ് കണ്ടെത്തുകയും ഈ തുക ചുവടെ പേര് ചേർക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായി തിരിച്ച് പിടിക്കുവാനും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി

സ്വീകരിക്കുവാനും വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തിരുന്നു. SO1, SO2 എന്നിവർ സ്വകാര്യ വ്യക്തികളാണ്.

SO1- ശ്രീമതി.തങ്കമണി ശിവരാമൻ, W/O ശിവരാമൻ, മംഗലമുണ്ടക്കൽ വീട്, മൂലക്കാട്.പി.ഒ,പെരിങ്ങാശ്ശേരി (18.09.2015-ൽ മരണപ്പെട്ടു.)
SO2- ശ്രീ.ജയൻ, S/o ശിവരാമൻ, മംഗലമുണ്ടക്കൽ വീട്, മൂലക്കാട്.പി.ഒ, ഉടുമ്പന്നൂർ
SO3- കെ.സി.ജോസ്, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് (Rtd), കമ്പകപ്പള്ളി വീട്, കോഴിപ്പള്ളി (പി.ഒ), കോതമംഗലം.
SO4- ശ്രീ.എം.ആർ.ഉദയൻ, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (Rtd), ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്.
SO5- ശ്രീ.എൻ.എം.രാജു, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (Rtd), ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്.
SO6- ശ്രീ.ശിശുപാലൻ, മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്.
SO7- ശ്രീ.ആർ.സുരേഷ് കുമാർ, മുൻ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്.
SO8- ശ്രീമതി.സുഹറത്ത് ബീവി, മുൻ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (Rtd), ഇളംദേശം ഗ്രാമപഞ്ചായത്ത്.
SO9- ശ്രീ.ഷാജു ഫ്രാൻസിസ്, ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ, അഴുത.
SO10- ശ്രീ.ഷിബു. ദേവികുളം ബ്ലോക്ക് വനിത ക്ഷേമ ഓഫീസർ, (മുൻ വിഇഒ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്)
SO11- ശ്രീമതി.രജനി.കെ.എസ്, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (Not Permanent), ഇളംദേശംബ്ലോക്ക് പഞ്ചായത്ത്.
SO12- ശ്രീ.ലെനിൻ, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്.

2) സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടമായ 1,02,500/- രൂപ, മേൽ പരാമർശിച്ചവരിൽ SO2 മുതൽ SO12 വരെയുള്ളവരിൽ നിന്നും തുല്യമായി തിരിച്ച് പിടിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുവാനും, SO6, SO7, SO9, SO10, SO12 എന്നിവർക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിയ്ക്കുവാനും പ്രസ്തുത റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. SO3, SO4, SO5, SO8 എന്നിവർ മേൽ റിപ്പോർട്ട് സമർപ്പിയ്ക്കപ്പെട്ട സമയത്ത് തന്നെ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നു. SO11 എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിയ്ക്കപ്പെട്ട താൽക്കാലിക ജീവനക്കാരിയാണ്. ഇതിൽ SO3 മുതൽ SO7 വരെയുള്ളവരുടെ പേരിലുള്ള റിക്കവറിയും നടപടിയും പരാമർശം (2) പ്രകാരവും, SO9, SO10, SO12 എന്നിവരുടെ പേരിലുള്ള നടപടി പരാമർശം (3) പ്രകാരവും ഇതിനോടകം തീർപ്പാക്കിയിരുന്നു.

3) ഐ.എ.വൈ ഭവനപദ്ധതി പ്രകാരം ശ്രീമതി. തങ്കമണി ശിവരാമന് അനുവദിച്ച വീടിന്റെ

പണി പൂർത്തിയാക്കാതെ വിവിധ ഗഡുക്കളായി തുക അനുവദിച്ചതിലെ അഴിമതി സംബന്ധിച്ച് വിജലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, SO8 കുറ്റാരോപിതയായ മുൻ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീമതി. സുഹറത്ത് ബീവിയ്ക്ക് 16.08.2018-ൽ കാണിക്കൽ നോട്ടീസ് നൽകുകയും ടി നോട്ടീസിന് 01.11.2018-ൽ ടിയാൾ മറുപടി നൽകുകയും ചെയ്തിരുന്നു. എന്നാൽ, എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന സ്ഥലത്തല്ലാതെ മറ്റൊരു സ്ഥലത്ത് വീടിന്റെ തറ നിർമ്മിച്ചതായി കണ്ടെത്തി എന്ന ആരോപണം ടിയാൾ നിഷേധിക്കുകയോ, അപ്രകാരം സംഭവിച്ചതിന് പിന്നിലെ സാഹചര്യം വ്യക്തമാക്കുകയോ ചെയ്യാതെ ആയതിന്മേൽ തനിക്ക് ഉത്തരവാദിത്തമില്ല എന്ന രീതിയിൽ മറുപടി നൽകിയതും, ബന്ധപ്പെട്ട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഒപ്പില്ലാതെ, ലഭ്യമായ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചതും ശരിയായ നടപടിയല്ല. അപാകതകൾ കണ്ടെത്തുന്നതിന് ജോയിന്റ് ബി.ഡി.ഒ-യ്ക്കും ഉത്തരവാദിത്തമുണ്ടെന്നിരിയ്ക്കെ വീടിന്റെ പണി എഗ്രിമെന്റ് വെച്ചിരിക്കുന്ന സ്ഥലത്ത് നടത്താതെയും പണി പൂർത്തിയാക്കാതെ ടി ഗുണഭോക്താവിന്റെ പേരിൽ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകിയത് വഴിയും 1,02,500/- രൂപയുടെ സാമ്പത്തിക നഷ്ടം സർക്കാരിന് ഉണ്ടായിട്ടുള്ളതായി കാണിച്ച് പരാമർശം (4) പ്രകാരം പുതിയ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് പരാമർശം (5) പ്രകാരം ടിയാൾ നൽകിയ മറുപടിയിൽ, ഐ.എ.വൈ പദ്ധതിപ്രകാരം വീട് അനുവദിച്ച് തറ എഗ്രിമെന്റ് വെച്ച് അഡ്വാൻസ് നൽകുകയും തറയുടെ പണി തീർന്ന് രണ്ട് ഗഡു തുക നൽകിയതിന് ശേഷം ആണ് താൻ ഇളംദേശം ബ്ലോക്കിൽ ചാർജ് എടുത്തതെന്നും ആയതിനാൽ തറ എവിടെ നിർമ്മിച്ചു എന്നുള്ളത് തനിക്ക് അറിയുവാൻ കഴിഞ്ഞിരുന്നില്ല എന്ന് അറിയിച്ചിരുന്നു. കൂടാതെ, ഐ.എ.വൈ-യും State Share ഉം കൂടിയാണ് 50,000/- രൂപ നൽകേണ്ടത് എന്നും അതിൽ 13,600/- രൂപ ഐ.എ.വൈ വിഹിതവും 36,400/ രൂപ പ്ലാൻ ഫണ്ടും ആയിരുന്നുവെന്നും, ഒന്നിച്ചാണ് ഈ തുക നൽകേണ്ടതെങ്കിലും ഐ.എ.വൈ വിഹിതം 08/10/2015 -ൽ നൽകിയ ശേഷം, 150 പേർക്ക് ഐ.എ.വൈ വിഹിതം നൽകിയതിനാൽ പ്ലാൻ ഫണ്ട് അന്ന് നൽകുവാൻ കഴിഞ്ഞില്ലയെന്നും, പിറ്റേദിവസം 09.10.2016 - ൽ 36,400/- രൂപ നൽകുകയായിരുന്നുവെന്നും, ഇതിന് 08.10.2015- ൽ കിട്ടിയ സ്റ്റേജ് സർട്ടിഫിക്കറ്റ് മതിയാകുന്നതാണെന്നും, പിറ്റേദിവസം നൽകിയ തുകയ്ക്ക് വീണ്ടും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്നും അറിയിച്ചിരുന്നു.

4) പ്രസ്തുത മറുപടി പരിശോധിച്ചതിൽ, ശ്രീമതി.തങ്കമണി ശിവരാമന് ഐ.എ.വൈ പദ്ധതിയിൽ 2 ഗഡു തുക നൽകിയ ശേഷമാണ് ശ്രീമതി.സുഹറത്ത് ബീവി ജോയിന്റ് ബി.ഡി.ഒ (ആർ.എച്ച്) ആയി ചാർജ്ജെടുത്തിരുന്നതെന്നും, വി.ഇ.ഒ യുടെ സ്റ്റേജ് സർട്ടിഫിക്കറ്റിൽ ശിപാർശ ചെയ്ത തുകയിൽ അധികരിച്ച് തുക അനുവദിച്ചിട്ടില്ലായെന്നും, ഐ.എ.വൈ പദ്ധതിയിൽ വീട് അനുവദിച്ച ശ്രീമതി.തങ്കമണി ശിവരാമൻ മരണപ്പെട്ടു പോയതിനാൽ നിലവിൽ ടിയാളുടെ മകൻ വീട് പണി പൂർത്തീകരിച്ച് താമസിച്ചു വരികയാണ് എന്ന വസ്തുത പരിഗണിച്ച് സർക്കാരിന് ധനനഷ്ടം ഉണ്ടായതായി കാണുന്നില്ലെന്നും, ടിയാൾ 31/05/2017-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാൾ സമർപ്പിച്ച വിശദീകരണം പരിഗണിക്കാവുന്നതാണെന്നും പരാമർശം (6) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഗുണഭോക്താവായ ശ്രീമതി.തങ്കമണി ശിവരാമൻ മരണപ്പെട്ടതിനാൽ ടിയാളുടെ മകൻ ശ്രീ.ജയൻ ശിവരാമനിൽ നിന്നും

ഈടാക്കേണ്ട തുക 20,500/- രൂപയായി നിശ്ചയിക്കുകയും പ്രസ്തുത തുകയിൽ നിന്ന് 9319/- രൂപ അടവാക്കിയിട്ടുള്ളതാണെന്നും, ഭവന നിർമ്മാണം ഇതിനോടകം പൂർത്തിയാക്കിയ സാഹചര്യത്തിൽ ബാക്കി തുക ഈടാക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്ന് അപേക്ഷ നൽകിയിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ പരാർമശം (7) പ്രകാരം അറിയിക്കുകയുണ്ടായി.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുൻ ജോയിന്റ് ബി.ഡി.ഒ (Rtd.) ശ്രീമതി സുഹറത്ത് ബിവി സി.ഐ-യ്ക്ക് കെ.എസ്.ആർ ഭാഗം 3 റൂൾ 59(ഡി) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, ആയതിന് ടിയാൾ സമർപ്പിച്ച മറുപടിയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ ടിയാളുടെ മറുപടി പരിഗണിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി. സുഹറത്ത് ബീവിയ്ക്ക് എതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്ന് ടിയാളെ ഒഴിവാക്കി ഉത്തരവാകുന്നു. കൂടാതെ, ഗുണഭോക്താവായ ശ്രീമതി. തങ്കമണി ശിവരാമൻ മരണപ്പെട്ടതിനാൽ ടിയാളുടെ മകൻ ശ്രീ. ജയൻ ശിവരാമനിൽ നിന്നും ഈടാക്കേണ്ട 20,500/- രൂപയിൽ, 9,319/- രൂപ അടവാക്കിയിട്ടുള്ളതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ച സാഹചര്യത്തിലും, ഗുണഭോക്താവായ ശ്രീമതി. തങ്കമണി ശിവരാമൻ മരണപ്പെട്ടതിനാലും ഭവനനിർമ്മാണം ഇതിനോടകം പൂർത്തിയാക്കിയതിനാലും, ടിയാന്റെ അപേക്ഷ പരിഗണിച്ച്, ശ്രീ. ജയൻ ശിവരാമനെ ബാക്കി തുക ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയും സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1. ശ്രീമതി. സുഹറത്ത് ബീവി റിട്ട. മുൻ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇളംദേശം ബ്ലോക്ക് ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )
2. ശ്രീ.ജയൻ, ഗുണഭോക്താവായ ശ്രീമതി. തങ്കമണി ശിവരാമന്റെ മകൻ മംഗലമുണ്ടയ്ക്കൽ വീട് മൂലക്കാട് പി.ഒ. ഉടുമ്പന്നൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(പുറം കത്ത് സഹിതം)
4. ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ തിരുവനതപുരം
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
6. വിജിലൻസ് ( ഇ ) വകുപ്പ്
7. വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & new media)
8. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Dipukumar S L
Date: 15-12-2025 12:00:18
സെക്ഷൻ ഓഫീസർ